പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.249 26.02.2018 ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ തസ്തികകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് പരിഹരിയ്ക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നവകേരള മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ ആർദ്രം പദ്ധതിയിലൂടെ മെച്ചപ്പെട്ട സൗകര്യങ്ങളും സേവനങ്ങളും ചികിത്സയും ലഭ്യമാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ആവശ്യമായ തസ്തികയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിലേയ്ക്കായി ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തിരഞ്ഞെടുത്ത് ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്ന നടപടി പുരോഗമിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ പൂർണ്ണമായും ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ തസ്തികകളുടെ കുറവ് പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇവിടെ ആധുനിക സംവിധാനത്തോട് കൂടിയ ലാബും, എക്സ്റേ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ